**കേരളസർക്കാർ**
**ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്**
**ജില്ല ഇൻഫർമേഷൻ ഓഫീസ്, ആലപ്പുഴ-688 001**
**ഫോൺ: 0477 2251349; ഇ-മെയിൽ: prdalppy@gmail.com, വെബ്സൈറ്റ്: www.prd.kerala.gov.in**

---

**പത്രക്കുറിപ്പ് 'ഭരണഭാഷ-മാതൃഭാഷ' 2018 ആഗസ്ത് 10 വെള്ളി**

---

# സോഷ്യൽ വർക്കർ നിയമനം: 18വരെ അപേക്ഷിക്കാം

ആലപ്പുഴ: വനിത ശിശു വികസന വകുപ്പിന്റെ കീഴിൽ സംയോജിത ശിശു സംരക്ഷണ പദ്ധതിയുടെ ഭാഗമായി പ്രവർത്തിക്കുന്ന ആലപ്പുഴ ജില്ല ശിശു സംരക്ഷണ യൂണിറ്റിൽ ലീഗൽ കം പ്രൊബേഷൻ ഓഫീസർ, സോഷ്യൽ വർക്കർ തസ്തികയിലേക്ക് താത്കാലികമായി നിയമിക്കുന്നു. ദിവസവേതന അടിസ്ഥാനത്തിലാണ് നിയമനം. ലീഗൽ കം പ്രൊബേഷൻ ഓഫീസർക്ക് എൽഎൽ ബിയും ഒരു വർഷത്തെ പ്രവൃത്തി പരിചയവും വേണം. 895 രൂപ ദിവസവേതനം ലഭിക്കും. സോഷ്യൽ വർക്കർക്ക് സൈക്കോളജിയിലോ, സോഷ്യോളജിയിലോ, സോഷ്യൽ വർക്കിലോ ഉള്ള ബിരുദം അല്ലെങ്കിൽ ബിരുദാനന്തര ബിരുദം. ഒരു വർഷത്തെ പ്രവർത്തി പരിചയം വേണം. 710 രൂപ ദിവസവേതനം ലഭിക്കും.

നിശ്ചിത മാതൃകയിലുള്ള അപേക്ഷ ഫോം ,ബയോഡേറ്റ, ഫോട്ടോ, യോഗ്യത സർട്ടിഫിക്കറ്റുകൾ, പ്രവൃത്തിപരിചയ സർട്ടിഫിക്കറ്റ് എന്നിവയുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ നൽകണം. പ്രായപരിധി ഓഗസ്റ്റ് ഒന്നിന് 36 വയസ് കവിയരുത്. മുമ്പ് ഏതെങ്കിലും സർക്കാർ വകുപ്പുകളിൽ നിന്നും പിരിച്ചുവിടപ്പെട്ടവർ അപേക്ഷിക്കേണ്ടതില്ല. ആലപ്പുഴ ജില്ല നിവാസികൾ മാത്രം അപേക്ഷിച്ചാൽ മതി. വിശദവിവരങ്ങൾക്ക് ജില്ല ശിശു സംരക്ഷണ ഓഫീസർ, ജില്ല ശിശു സംരക്ഷണ യൂണിറ്റ്, കോൺവന്റ് സ്ക്വയർ, ആലപ്പുഴ - ഒന്ന് എന്ന വിലാസത്തിൽ ബന്ധപ്പെടണം. ഫോൺ : 0477 - 2241644 . അപേക്ഷകൾ ഓഗസ്റ്റ് 18 വൈകിട്ട് അഞ്ചുവരെ സ്വീകരിക്കും.

(പി.എൻ.എ. 2253/2018)

# സംരംഭകർക്ക് അഞ്ചു കോടി രൂപ വരെ വായ്പ: സംരംഭകത്വ സെമിനാർ സെപ്റ്റംബർ 14 ന്

ആലപ്പുഴ: ഒ.ബി.സി. വിഭാഗത്തിൽപ്പെട്ട സംരംഭകർക്ക് കുറഞ്ഞ പലിശ നിരക്കിൽ വായ്പ ലഭ്യമാക്കുന്നതിന് കേന്ദ്ര സർക്കാർ സ്ഥാപനമായ ഐ.എഫ്.സി.ഐ വെഞ്ചർ ക്യാപിററൽ ഫണ്ട്സ് നോഡൽ ഏജൻസിയായി രൂപീകരിച്ച വെഞ്ചർ

ക്യാപ്പിറ്റൽ ഫണ്ട് നിലവിൽ വന്നു. ഒ.ബി.സി. സംരംഭകർക്ക് കുറഞ്ഞത് 51ശതമാനം ഓഹരി പങ്കാളിത്തവും നിയന്ത്രണവും ഉള്ള കമ്പനികൾക്കും, വ്യക്തിഗത സംരംഭം, പാർട്ട്ണർഷിപ്പ് സംരംഭം, ലിമിറ്റഡ് ലയബിലിറ്റി പാർട്ട്ണർഷിപ്പ്, ഒൺ പേഴ്സണൽ കമ്പനി എന്നിവ രൂപാന്തരം പ്രാപിച്ച് ആരംഭിക്കുന്ന കമ്പനികൾക്കും വായ്പ കിട്ടും.

20 ലക്ഷം രൂപ മുതൽ അഞ്ചു കോടി രൂപവരെ എട്ടുശതമാനം പലിശ നിരക്കിൽ ലഭ്യമാക്കുന്നതാണ്. സ്ത്രീകൾ, ഭിന്നശേഷിക്കാർ എന്നിവർക്ക് 7.75ശതമാനം നിരക്കിൽ പലിശ നൽകിയാൽ മതി. താൽപ്പര്യമുള്ളവർക്കായി സെപ്റ്റംബർ 14ന് രാവിലെ 10 മുതൽ എറണാകുളം പ്രസിഡൻസി ഹോട്ടലിൽ ഏകദിന സംരംഭകത്വ സെമിനാർ സംഘടിപ്പിക്കുന്നു. സെമിനാറിൽ ഐ.എഫ്.സി. അധികൃതർ സംബന്ധിക്കും. പങ്കെടുക്കുന്നതിന് കേരള സംസ്ഥാനപിന്നോക്ക വിഭാഗ വികസന കോർപ്പറേഷന്റെ www.ksbcdc.com എന്ന വെബ്സൈറ്റ് വഴി ഓഗസ്റ്റ് 20നകം രജിസ്റ്റർ ചെയ്യണം.

(പി.എൻ.എ. 2254/2018)

## ഖാദി ഗ്രാമസൗഭാഗ്യ ഷോറും ഉദ്ഘാടനം നാളെ

ആലപ്പുഴ: ചേർത്തല കെ. എസ്. ആർ. ടി. സി. സ്റ്റാൻഡിന് കിഴക്കുവശം കാളികുളം ജംഗ്ഷനിൽ ഖാദി ബോർഡിന്റെ ഖാദി ഗ്രാമസൗഭാഗ്യ ഷോറും ഓഗസ്റ്റ് 12ന് വൈകിട്ട് 4.30ന് ഭക്ഷ്യ മന്ത്രി പി. തിലോത്തമൻ ഉദ്ഘാടനം ചെയ്യും. ഖാദി ബോർഡ് ഉപാധ്യക്ഷ ശോഭന ജോർജ്ജ് അധ്യക്ഷത വഹിക്കും. കെ. സി. വേണുഗോപാൽ എം.പി. മുഖ്യപ്രഭാഷണം നടത്തും. മുനിസിപ്പൽ ചെയർമാൻ പി. ഉണ്ണികൃഷ്ണൻ ആദ്യവില്പന നിർവഹിക്കും. സമ്മാനകൂപ്പൺ വിതരണോദ്ഘാടനം ഖാദി ബോർഡ് മുൻ വൈസ് ചെയർമാൻ ടി. ജെ. ആഞ്ചലോസ് നിർവഹിക്കും. കേരള ഖാദി ഗ്രാമവ്യവസായ ബോർഡ് സെക്രട്ടറി ടി.വി. കൃഷ്ണകുമാർ, ചേർത്തല മുനിസിപ്പൽ ചെയർമാൻ അഡ്വ. പി. ഉണ്ണികൃഷ്ണൻ, കൗൺസിലർമാരായ എൻ.ആർ. ബാബുരാജ്, എസ്.സുനിമോൾ, ഖാദി ബോർഡംഗം കെ.എം. ചന്ദ്രശർമ, ജി.ഹരികുമാരമേനോൻ, ജില്ല ഇൻഫർമേഷൻ ഓഫീസർ ചന്ദ്രഹാസൻ വടുതല, ജില്ല വ്യവസായ കേന്ദ്രം ജനറൽ മാനേജർ എം. വി. ലൗലി, ഖാദിബോർഡ് അഡ്മിനിസ്ട്രേഷൻ. ഡയറക്ടർ കെ.എസ്. പ്രദീപ്കുമാർ, ഖാദി ഡയറക്ടർ, എം. സുരേഷ്ബാബു, മാർക്കറ്റിങ് ഡയറക്ടർ, ടി. ശ്യാംകുമാർ, പ്രോജക്ട് ഓഫീസർ എം.ജി. ഗിരിജ എന്നിവർ പങ്കെടുക്കും. ഓഗസ്റ്റ് ഒന്നു മുതൽ 24 വരെ ഖാദി തുണിത്തരങ്ങൾക്ക് 30 ശതമാനം ഗവ. റിബേറ്റും സർക്കാർ, അർധ-സർക്കാർ ജീവനക്കാർക്ക് 50000 രൂപ വരെ ക്രഡിറ്റ് സൗകര്യവും ലഭിക്കും.

(പി.എൻ.എ. 2255/2018)

## ആർട്ടിഫിഷ്യൽ ഇന്റലിജൻസ് : കോഴ്സിന് അപേക്ഷിക്കാം

ആലപ്പുഴ: ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, മെഷീൻ ലേണിങ് എന്നീ കോഴ്സുകളിലേക്ക് അപേക്ഷ ക്ഷണിച്ചു. അസാപിന്റെ ആഭിമുഖ്യത്തിൽ തിരഞ്ഞെടുക്കപ്പെട്ട എഞ്ചിനീയറിങ് കോളജുകളിൽ നടത്താനുദ്ദേശിക്കുന്ന കോഴ്സുകളുടെ പഠനസമയം 600 മണിക്കുറായിരിക്കും. രണ്ടാം വർഷം

മാത്തമാറ്റിക്സിൽ 60 ശതമാനം മാർക്ക് ലഭിച്ച എഞ്ചിനീയറിങ് വിദ്യാർഥികൾക്കും എഞ്ചിനീയറിങ്ങിലോ, മാസ്റ്റർ ഓഫ് കമ്പ്യൂട്ടർ ആർട്സിലോ 60 ശതമാനം ലഭിച്ച ബിരുദധാരികൾക്കും ബിരുദാനന്തര ബിരുദധാരികൾക്കും അപേക്ഷിക്കാം. 25 വയസാണു പ്രായപരിധി. 35,000 രൂപയാണ് കോഴ്സ് ഫീസ്. പ്രോജക്റ്റ് പ്രസന്റേഷനു ശേഷം വിദ്യാർഥികൾക്ക് അസാപ് ഇന്റേൺഷിപ്പിനുള്ള അവസരം ഒരുക്കും. സെപ്റ്റംബർ അവസാനത്തോടെ കോഴ്സ് ആരംഭിക്കും. അസാപിന്റെ വെബ്സൈറ്റായ www.asapkerala.gov.in വഴി ഓൺലൈനായി അപേക്ഷിക്കാം.

(പി.എൻ.എ. 2256/2018)

## ദുരന്തനിവാരണ സേനയുടെ സേവനത്തിന് കളക്ടറേറ്റിൽ അറിയിക്കണം

ആലപ്പുഴ: പമ്പ ഡാമിന്റെ വൃഷ്ടി പ്രദേശത്ത് മഴ തുടരുന്നതിനാൽ പമ്പ ഡാമിലേക്കുള്ള നീരൊഴുക്ക് വർദ്ധിച്ചിരിക്കുന്നു. പത്തനതിട്ട ജില്ലയിലെ കക്കി ഡാം തുറന്ന സാഹചര്യത്തിൽ ജില്ലയിലെ കാർത്തികപ്പള്ളി താലൂക്കിലെ വീയപുരം, ചെറുതന, പള്ളിപ്പാട്, കരുവാറ്റ, ചേപ്പാട്, തൃക്കുന്നപ്പുഴ, കുമാരപുരം വില്ലേജുകളിലും കുട്ടനാട് താലൂക്കിലെ തകഴി, പുളിങ്കുന്ന്, കൈനകരി, എടത്വ,തലവടി, നിരണം, ചമ്പക്കുളം, രാമങ്കരി, മുട്ടാർ, നെടുമ്പ്രം, കടപ്ര, ചെങ്ങന്നൂർ മുനിസിപ്പാലിറ്റിയുടെ കീഴിൽ വരുന്ന എടനാട്, മുണ്ടങ്കാവ്, മംഗലം എന്നീ സ്ഥലങ്ങളിലും ചെങ്ങന്നൂർ താലൂക്കിന്റെ കീഴിൽ വരുന്ന പാണ്ടനാട്, തിരുവൻവണ്ടൂർ, കൊരട്ടിശ്ശേരി, മാന്നാർ എന്നീ വില്ലേജുകളിലും ജലനിരപ്പ് ഉയരുവാൻ സാധ്യതയുള്ളതായി തഹസീൽദർമാരും എസ്.ഇ.ഒ.സി, ഇറിഗേഷൻ വകുപ്പുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ജില്ല ദുരന്ത നിവാരണ പ്രവർത്തനങ്ങളുടെ ഭാഗമായി എൻ.ഡി.ആർ.എഫ് സേവനങ്ങൾ ലഭ്യമാക്കണമെങ്കിൽ കളക്ടറേറ്റിൽ അറിയിക്കണം. ജില്ലയിൽ കളക്ട്രേറ്റിലും താലൂക്ക് കേന്ദ്രങ്ങളിലും കൺട്രോൾ റൂമുകൾ തുറന്നിട്ടുണ്ട്. ഇനിപ്പറയുന്ന നമ്പരുകളിൽ ആവശ്യമെങ്കിൽ വിളിക്കാം. കളക്ട്രേറ്റ്- 0477-2238630, അമ്പലപ്പുഴ- 0477-2253771, ചേർത്തല- 0478-2813103, കാർത്തികപ്പള്ളി- 0479-2412797, കുട്ടനാട്- 0477- 2702221, മാവേലിക്കര- 0479-2302216, ചെങ്ങന്നൂർ- 0479-2452334

(പി.എൻ.എ. 2257/2018)

**// തുടരും //**